# ഹയർ സെക്കന്ററി ഒന്നാം വർഷം
# മലയാളം (ഐച്ഛികം)

## മൂല്യനിർണ്ണയ സമീപനരേഖ - 2014

രണ്ടായിരത്തിപതിമൂന്നിൽ നടന്ന കേരളാ സ്കൂൾ പാഠ്യപദ്ധതിപരിഷ്ക്കരണത്തിന്റെ ഭാഗമായി ഒന്നാം വർഷഹയർസെക്കണ്ടറി മലയാളപാഠപുസ്തകം നിലവിൽ വന്നു. കാലാനുസൃതമായി പാഠപുസ്തകത്തിൽ വന്ന മാറ്റങ്ങൾ സ്വാഭാവികമായും മൂല്യനിർണ്ണയത്തിലും പ്രതിഫലിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും പഠനപുരോഗതിവസ്തുനിഷ്ഠമായും ശാസ്ത്രീയമായും വിലയിരുത്തുന്ന തിനും കുറ്റമറ്റമൂല്യനിർണ്ണയം അനിവാര്യമാണ്. വിദ്യാർത്ഥിയുടെ പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായ എഴു ത്തുപരീക്ഷകളാണ് ആവശ്യമായി വരുന്നത്. ഇതിനെലക്ഷ്യംവച്ചുള്ള മാർഗ്ഗ രേഖയാണിത്.

ഗുണനിലവാരമുള്ള ചോദ്യങ്ങളാണ് കുറ്റമറ്റ പരീക്ഷയ്ക്ക് ആധാരം. വ്യത്യസ്തപഠനനേട്ടങ്ങളെയും ചിന്താ പ്രക്രിയകളെയും പരിഗണിയ്ക്കുന്നവിധത്തിലാകണം ചോദ്യങ്ങൾ രൂപപ്പെടേണ്ടത്. ഭിന്നപഠനനിലവാര ത്തിലുള്ള വിദ്യാർത്ഥികളെ പരിഗണിയ്ക്കുന്നതായിരിക്കണം ചോദ്യങ്ങൾ. അതുകൊണ്ടുതന്നെ ചോദ്യ പേപ്പർ തയ്യാറാക്കുന്നതിന് പൊതുവായ മാർഗ്ഗരേഖ ആവശ്യമാകുന്നു.

ചോദ്യങ്ങൾ തയ്യാറാക്കാനുള്ള മാർഗ്ഗരേഖയ്ക്ക് നാല് തലങ്ങളുണ്ട്.

1. മുന്നൊരുക്കം
2. ചോദ്യങ്ങളുടെ സ്വഭാവം
3. ചോദ്യം തയ്യാറാക്കൽ
4. ചോദ്യപേപ്പറിന്റെ ഘടന

ഈ നാല് തലങ്ങളുടെ വിശദീകരണം.

### 1. മുന്നൊരുക്കം

1. മാറിയ പാഠ്യപദ്ധതിസമീപനവും പാഠപുസ്തകവും പരിചിതമാകണം.
2. പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ പരിഗണിയ്ക്കണം.
3. വിവിധങ്ങളായ ചിന്താപ്രക്രിയകൾ പരിഗണിയ്ക്കണം.
4. ഓരോ യൂണിറ്റിൽനിന്നും പ്രത്യേകം ചോദ്യശേഖരം തയ്യാറാക്കണം.
5. ചോദ്യങ്ങൾ മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം.

### 2. ചോദ്യങ്ങളുടെ സ്വഭാവം

1. ചോദ്യങ്ങളുടെ ഭാഷ കൃത്യവും ലളിതവുമായിരിയ്ക്കണം.
2. വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് (objective) താഴെപ്പറയുന്ന നാല് ചോദ്യമാതൃകകൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.
    1. ബഹുവികല്പമാതൃകകൾ (Multichoise Questions)
    2. ചേരുംപടിചേർക്കൽ
    3. ഗ്രൂപ്പിൽ പെടാത്തത് കണ്ടെത്തൽ
    4. ശരിയോ തെറ്റോ എന്ന് കണ്ടെത്തൽ
3. ഉയർന്ന ചിന്താശേഷികളെക്കൂടി പരിഗണിച്ചായിരിക്കണം ചോദ്യങ്ങൾ.
4. ചോദ്യങ്ങളുടെ സമയം ചിന്താപ്രക്രിയയ്ക്കനുസരിച്ചും ഉത്തരമെഴുതാനാവശ്യമായ സമയം പരിഗണിച്ചും ആയിരിക്കണം നിജപ്പെടുത്തേണ്ടത്.

5. ഉത്തരങ്ങളുടെ ദൈർഘ്യം കൃത്യമായി നിർദ്ദേശിച്ചിരിക്കണം.
6. പഠനനിലവാരത്തിന് അനുസരിച്ച ചോദ്യങ്ങളായിരിക്കണം.
7. ചോദ്യങ്ങൾ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.
8. വസ്തുനിഷ്ഠം, ഹ്രസ്വോത്തരം, ഉപന്യാസം എന്നിങ്ങനെ വ്യത്യസ്തചോദ്യമാതൃകകൾ നിർബന്ധമായും ഉൾപ്പെടുത്തണം.
9. ഒന്നോ അതിലധികമോ യൂണിറ്റുകളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയും ചോദ്യങ്ങൾ ചോദിക്കാം. ഉപചോദ്യങ്ങളും ഉൾപ്പെടുത്താം. പ്രസ്ഥാനപരിചയവും, നവീന പ്രവണതകളും ഉൾപ്പെടുത്തണം.
10. ഭാഷാശേഷി, സർഗ്ഗാത്മകത, പാഠഭാഗം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ചോദ്യങ്ങളായിരിക്കണം.
11. വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളെക്കൂടി പരിഗണിക്കുന്ന വിധത്തിലായിരിക്കണം ചോദ്യങ്ങൾ.
12. ഉപന്യാസചോദ്യങ്ങളുടെ ഉത്തരദൈർഘ്യം വ്യക്തമാക്കിയിരിക്കണം. ആവശ്യമായ സൂചനകൾ നൽകാം.
12. ജാതി - മത - ലിംഗ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ചോദ്യങ്ങൾ നിർബന്ധമായും ഒഴിവാക്കണം.
13. 6, 7, 8 മാർക്കുകൾ ഉപന്യാസത്തിനും 2, 3, 4, 5 മാർക്കുകൾ വിവിധ മാതൃകയിലുള്ള ലഘു ചോദ്യങ്ങൾക്കും 1 മാർക്ക് ഒബ്ജക്ടീവ് വിഭാഗത്തിനു നൽകണം.

## 3. ചോദ്യം തയ്യാറാക്കൽ

1. ചോദ്യപേപ്പറിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ ഉള്ളടക്കത്തിനും പഠനനേട്ടങ്ങൾക്കും ആപേക്ഷിക പ്രാധാന്യം നൽകണം. വ്യത്യസ്തമാതൃകയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
2. ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.
3. ചോദ്യപേപ്പറിനൊപ്പം വ്യക്തമായ ഉത്തരസൂചികയും ചോദ്യാപഗ്രഥനവും തയ്യറാക്കിയിരിക്കണം.
4. പരിഗണിച്ച ചിന്താശേഷികൾ ഏതൊക്കെയെന്ന് ഉത്തരസൂചികയിൽ രേഖപ്പെടുത്തിയിരിക്കണം.
5. ആശയസ്വാംശീകരണത്തിന് 60% ആശയപ്രകാശനത്തിന് 40% എന്നീ രീതിയിൽ പ്രാതിനിധ്യം നൽകിയിരിക്കണം.
6. വസ്തുനിഷ്ഠ (objective) മാതൃകയ്ക്ക് 15% മുതൽ 20 % വരെ സ്കോറും ഉപന്യാസമാതൃകയ്ക്ക് 30% സ്കോറും ബാക്കി സ്കോർ ലഘുഹ്രസ്വോത്തരങ്ങൾക്കും നൽകണം.
7. ഒരു ചോദ്യത്തിന് പരമാവധി നൽകാവുന്ന സ്കോർ മൊത്തം സ്കോറിന്റെ 10% മാത്രമായിരിക്കണം.
8. ചോദ്യം വായിച്ച് മനസ്സിലാക്കി ഉത്തരം എഴുതാനുള്ള സമയത്തെ അടിസ്ഥാനമാക്കിയിരിക്കണം ഓരോ ചോദ്യവും തയ്യാറാക്കേണ്ടത്.
9. 80 മാർക്കിന്റെ ചോദ്യത്തിന് 2 1/2 മണിക്കൂറാണ് പരീക്ഷാ സമയം. 15 മിനുട്ട് സമാശ്വാസ സമയം അനുവദിക്കണം.
10. ചോദ്യങ്ങളുടെ ഉള്ളടക്കം ഒരേ ചോദ്യഭാഷയിൽ ആവരുത്.

## 4. ചോദ്യപേപ്പറിന്റെ ഘടന

1. ചോദ്യപേപ്പറിന്റെ ആമുഖമായി പൊതുനിർദ്ദേശങ്ങൾ നൽകിയിരിക്കണം.
2. അതതു ചോദ്യങ്ങൾക്കുനേരെ ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കണം.
3. ഉപന്യാസങ്ങൾക്ക് 'ചോയ്സ്' അനുവദനീയമാണ്. ആകെ മാർക്കിന്റെ 30% വരുന്ന വിധത്തിലായിരിക്കണം.
4. പരമാവധി പാഠപുസ്തകഭാഗങ്ങളെ ഉൾക്കൊണ്ടും വിവിധ സാഹിത്യശാഖകളെ വ്യത്യസ്തമായി ക്രമീകരിച്ചും ഉപന്യാസ ചോദ്യങ്ങൾ തയ്യാറാക്കണം.

ഈ മാർഗ്ഗരേഖയെ ആധാരമാക്കി വിദ്യാർത്ഥിയുടെ പക്ഷത്തുനിന്നുകൊണ്ടുള്ള ചോദ്യങ്ങളായിരിക്കണം രൂപപ്പെടേണ്ടത്.

**Reg. No:**

# ഹയർ സെക്കന്ററി ഒന്നാം വർഷം
# മലയാളം (ഐച്ഛികം)
# മാതൃകാ ചോദ്യപേപ്പർ

**Maximum : 80 Score**
**Time: 2½ hrs**

---

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിട്ട് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

## A

**1. കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക. ഓരോ സ്കോർവീതം**

a. സുഗതകുമാരി, ഒ.എൻ.വി., എസ്.ജോസഫ്, കെ.ആർ.മീര (1)

b. കണ്ഠ്യം, താലവ്യം, വ്യഞ്ജനം, ഓഷ്ഠ്യം (1)

## B

2. ബ്രായ്ക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക? ഓരോ സ്കോർ വീതം.

a. ശ്വാസിയായ വർഗപ്രഥമം?
(ഖരം, അതിഖരം, മൃദു, ഘോഷം)

b. 'ചെതം' എന്ന വാക്കിന്റെ അർത്ഥം?
(ഔചിത്യം, ഭംഗി, കറുപ്പ്, വ്യക്തത)

c. രമ്യോപന്യാസത്തോട് അടുപ്പമുള്ള സാഹിത്യരൂപം
(കവിത, കഥ, ലേഖനം, നാടകം)

d. ബർമ്മ ഭാഷയിലലെ എഴുത്തിന് ഭാരതീയ ഭാഷയിലെ ഏതു ഭാഷാ ലിപിയോടാണ് സാദൃശ്യം.
(മലയളം, തമിഴ്, കന്നട, തെലുങ്ക്) (4 x 1 =4)

## C

**3. ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ സ്കോർ വീതം**

a. കേരളപാണിനി എന്നറിയപ്പെടുന്നതാര്?

b. ഏതു സമാഹാരത്തിലാണ് ബിംബിസാരന്റെ ഇടയൻ എന്ന കവിത ഉൾപ്പെടുത്തിയിരിക്കുന്നത്

c. കഥകളിയിൽ പ്രതിനായക വേഷത്തിനു പറയുന്ന പേര്?

d. വിധിയുടെ അരയൻ തിരുമുമ്പാകെ
വിധിപോലെ വന്നു നിന്നിതുതൊമ്മാ
ഇത് ഏതു പാട്ടിലെ വരികളാണ്? (4 x 1 =4)

## D

4. **ചേരുംപടി ചേർക്കുക? ഓരോ സ്കോർ വീതം.**

| | | |
|---|---|---|
| (a) | മനുഷ്യന് ഒരാമുഖം | കെ.പി.അപ്പൻ |
| (b) | മരപ്പാവകൾ | തകഴി |
| (c) | നെയ്പ്പായസം | സുഭാഷ് ചന്ദ്രൻ |
| (d) | വെള്ളപ്പൊക്കത്തിൽ | മാധവിക്കുട്ടി |
| (e) | ക്ഷോഭിക്കുന്നവരുടെ സുവിശേഷം | കാരൂർ |
| | | എം.മുകുന്ദൻ |

(5 x 1 =5)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** (3)

5. "നദി അതിന്റെ സ്രഷ്ടാവിന്റെ സമക്ഷത്തിങ്കൽ എത്തിയപ്പോൾ സ്തബ്ധയായി ഒഴുക്ക് നിലച്ചവളായി. എന്തിനി വേണ്ടൂ എന്നറിയാത്തവളെപ്പോലെ നിശ്ചലം നിന്നുപോയി"

   ഈ പ്രസ്താവനയുടെ ഔചിത്യം എന്താണ്?

6. ഡോ. കെ. രാജശേഖരൻ നായർ വിവരിക്കുന്ന ഓർമ്മയുടെ വകഭേദങ്ങൾ എന്തെല്ലാം?

7. നവോത്ഥാനകാലഘട്ടത്തിൽ മലയാളികൾ നാട്ടറിവിനെ തള്ളിപ്പറഞ്ഞതിന് ഇ. പി. രാജഗോപാലൻ അവതരിപ്പിക്കുന്ന കാരണങ്ങളെന്ത്?

8. "എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
   പക്ഷേ എന്റെ കോഴിയെ മാത്രമെനിക്കുതരിൻ"

   ഈ വരികളിലെ രാഷ്ട്രീയ ആക്ഷേപഹാസ്യം (Satire) സ്വഭാവം വ്യക്തമാക്കുക?

9. മാനവഹൃദയത്തിന് 'പാവം' എന്ന വിശേഷണം കവയിത്രി നൽകുന്നതിന്റെ പൊരുളെന്ത്?

(5 x 3 = 15

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക? (സ്കോർ 4 വീതം)**

10. എം.മുകുന്ദന്റെ 'ഫോട്ടോ' എന്ന കഥ കാലഘട്ടത്തിന്റെ ഫോട്ടോ ആണെന്ന കെ.പി.അപ്പന്റെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക?

11. നാടൻ പാട്ടുകളുടെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം? (4 x 2 = 8 )

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക? (സ്കോർ 5 വീതം)**

12. വർണ്ണോച്ചാരണത്തിലെ സ്ഥാനഭേദം എന്താണെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക?

13. "ആശയത്തെ ഫലപ്രദമായി അവതരിപ്പിക്കുമ്പോഴേ കവിത കവിത എന്ന നിലയിൽ വിജയിക്കുന്നുള്ളൂ"- അതിനുള്ള ഒരു ഉപാധി എന്ന നിലയിൽ നാടകീയതയ്ക്കുള്ള പങ്കെന്ത്?

14. നായകനുപകരം പ്രതിനായകനെ പ്രതിഷ്ഠിക്കുന്ന മലയാളിയുടെ മനോഭാവത്തെക്കുറിച്ചുള്ള കെ. സി. നാരായണന്റെ അഭിപ്രായത്തെ വിലയിരുത്തുക.

15. വാമൊഴി വരമൊഴികളുടെ ഇടകലരൽ ഭാഷയുടെ മാറ്റത്തിന്റെ തെളിവാണ്, പരിശോധിക്കുക.

(5 x 4 = 20 )

**(ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക)**

16. 'കുട്ടി അമ്മയായി മാറുന്നഘട്ടത്തിലാണ് സ്വന്തം അമ്മയെ തിരിച്ചറിയുന്നത്'. ഈ പ്രസ്താവനയുടെ സാധുത 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയെ മുൻനിർത്തി അപഗ്രഥിക്കുക.

അല്ലെങ്കിൽ

നാടകീയതയാണ് കവിതയുടെ ജീവൻ എന്ന കെ.പി.ശങ്കരന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'ബിംബിസാരന്റെ ഇടയൻ' എന്ന കവിത വിശകലനം ചെയ്യുക. (7)

17. മലയാള ചെറുകഥയുടെ വളർച്ചയിൽ മോതിരം, പക്ഷിയുടെ മണം, അമേരിക്ക എന്നീ കഥകൾ വ്യത്യസ്തമായി അടയാളപ്പെടുത്തേണ്ടവയാണ് - ഈ നിരീക്ഷണത്തെ ആസ്പദമാക്കി ഒരു ലഘു ഉപന്യാസം തയ്യാറാക്കുക?

അല്ലെങ്കിൽ

മനഃശാസ്ത്രനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കേണ്ടതാണ് കാരൂരിന്റെ മിക്ക കഥാപാത്രങ്ങളും. മോതിരം എന്ന കഥയിലെ - കുഞ്ചുണ്ണി നായർ, കുഞ്ഞിക്കാവമ്മ എന്നീ കഥാപാത്രങ്ങളെ ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ വിലയിരുത്തുക. (7)

18. താൻ ജീവിച്ച കാലവും സമൂഹവും അടയാളപ്പെടുത്തുന്നതായിരിക്കും ഓരോ ആത്മകഥയും. പറിച്ചുനടീൽ എന്ന പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക?

അല്ലെങ്കിൽ

സഞ്ചാരസാഹിത്യവും ആത്മകഥയും സ്വാനുഭവങ്ങളുടെ ആവിഷ്കാരങ്ങളാണ്. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? പറിച്ചുനടീൽ, മാതൃസന്നിധിയിൽ എന്നീ പാഠഭാഗങ്ങളെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക? (8)

# Answer Key

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 1 | | കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുന്നു<br>a. കെ.ആർ.മീര<br>b. വ്യഞ്ജനം | 1<br>1 | 2 |
| 2 | | ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക<br>a. ഖരം<br>b. ഭംഗി<br>c. ലേഖനം<br>d. തെലുങ്ക് | 1<br>1<br>1<br>1 | 4 |
| 3 | | ഒറ്റവാക്കിൽ ഉത്തരം എഴുതുക<br>a. എ.ആർ.രാജരാജവർമ്മ<br>b. കറുത്ത ചെട്ടിച്ചികൾ<br>c. കത്തി<br>d. മാർഗ്ഗം കളിപ്പാട്ട് | 1<br>1<br>1<br>1 | 4 |
| 4 | | എ. വിഭാഗത്തിന് അനുയോജ്യമായത് ബി. വിഭാഗത്തിൽ നിന്ന് തെരഞ്ഞെടുത്ത് എഴുതുക.<br>a. സുഭാഷ്ചന്ദ്രൻ b. കാരൂർ<br>c. മാധവിക്കുട്ടി d. തകഴി<br>e. കെ.പി.അപ്പൻ | 1<br>1<br>1<br>1<br>1 | 5 |
| 5 | | രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക<br>ആശയഗ്രഹണം<br>വിശകലനം | 1<br>2 | 3 |
| 6 | | കുട്ടി തിരിച്ചറിയുന്നു<br>ലളിതമായി സമർത്ഥിക്കുന്നു | 1<br>2 | 3 |
| 7 | | വസ്തുതകൾ കണ്ടെത്തുന്നു<br>നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു | 1<br>2 | 3 |
| 8 | | കവിത തിരിച്ചറിയുന്നു<br>പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്നു | 1<br>2 | 3 |
| 9 | | കവിത വിശകലനം ചെയ്യുന്നു<br>വസ്തുതകൾ തിരിച്ചറിയുന്നു | 1<br>2 | 3 |
| 10 | | നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക<br>പ്രസ്താവന തിരിച്ചറിയുന്നു<br>നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു<br>ഉചിതമായി ആവിഷ്കരിക്കുന്നു | 1<br>2<br>1 | 4 |
| 11 | | ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തുന്നു<br>ഉചിതമായി ആവിഷ്കരിക്കുന്നു | 2<br>2 | 4 |

| Qn. | Sub | Value points | Score | Total |
|---|---|---|---|---|
| 12 | | അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക<br>വർണ്ണം, ഉച്ചാരണം ഇവ തിരിച്ചറിയുന്നു<br>വ്യാകരണ സവിശേഷതകൾ തിരിച്ചറിഞ്ഞ് സമർഥിക്കുന്നു | <br>1<br>4 | <br><br>5 |
| 13 | | കവിതാവിഷ്ക്കാരത്തിൽ നാടകീയതയ്ക്കുള്ള പങ്ക് കുട്ടി<br>തിരിച്ചറിയുന്നു<br>ഉചിതമായി സമർത്ഥിക്കുന്നു | <br>2<br>3 | <br><br>5 |
| 14 | | അഭിപ്രായം കണ്ടെത്തിയിട്ടുണ്ട്<br>ഉചിതമായി സമർത്ഥിച്ചിട്ടുണ്ട് | 3<br>2 | <br>5 |
| 15 | | വാമൊഴി, വരമൊഴി തിരിച്ചറിയുന്നു<br>ഉദാഹരണസഹിതം സമർത്ഥിക്കുന്നു | 3<br>2 | <br>5 |
| 16 | | ഒന്നര പേജിൽ കവിയാതെ ഉപന്യസിക്കുക<br>ഉപന്യാസഘടന<br>നിലവിലുള്ള സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി<br>ആശയത്തെ ഉചിതമായി ആവിഷ്ക്കരിക്കുന്നു. | <br>2<br><br>5 | <br><br><br>7 |
| 17 | | ഉപന്യാസഘടന<br>കാലത്തോട് ബന്ധിപ്പിച്ച് ആഖ്യാന രീതിയിൽ വരുന്ന നൂതന<br>സവിശേഷതകൾ കുട്ടി തിരിച്ചറിയുന്നു.<br>ആഖ്യാനരീതി<br>അല്ലെങ്കിൽ<br>കഥാപാത്രങ്ങളുടെ മനഃശാസ്ത്രവിശകലനം നടത്തുന്നു<br>തനിമയുള്ള നിരീക്ഷണങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. | 2<br><br>3<br>2<br><br>3<br>4 | <br><br>7<br><br><br><br>7 |
| 18 | | പ്രസ്ഥാനം തിരിച്ചറിഞ്ഞ് വിലയിരുത്തുന്നു<br>കേന്ദ്രാശയം കണ്ടെത്തുന്നു<br>ഉചിതമായി ആവിഷ്ക്കരിക്കുന്നു<br>അല്ലെങ്കിൽ<br>പ്രസ്ഥാനങ്ങൾ വേർതിരിച്ചറിയുന്നു<br>കേന്ദ്രാശയം കണ്ടെത്തുന്നു<br>ഉചിതമായി ആവിഷ്കരിക്കുന്നു | 4<br>2<br>2<br><br>4<br>2<br>2 | <br><br>8<br><br><br><br>8 |

**Reg. No:**

# ഹയർ സെക്കന്ററി ഒന്നാം വർഷം
# മലയാളം (ഐച്ഛികം)
# മാതൃകാ ചോദ്യപേപ്പർ

**Maximum : 80 Score**
**Time: 2½ hr**

---

**പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിട്ട് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും.
- ചോദ്യങ്ങളോടൊപ്പം നൽകിയിട്ടുള്ള സൂചനകൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.

## A

1. **ഒറ്റവാക്കിൽ ഉത്തരമെഴുതുക (ഒരു സ്കോർ വീതം)**

a. 'വാക്കുകളുടെ മഹാബലി' എന്നു വിശേഷിപ്പിക്കുന്നതാരെ?

b. 'ലിറിക്' എന്ന സംജ്ഞയുടെ മലയാളപദം. (2)

2. **ബ്രായ്ക്കറ്റിൽ നിന്നും ശരിഉത്തരം എടുത്തെഴുതുക? (ഒരു സ്കോർ വീതം)**

a. മഴക്കാരൻ (The rain man) എന്ന സിനിമയിലൂടെ പ്രസിദ്ധനായ രോഗി?
(കിംപീക്ക്, ബാരിമൊറോ, ഗ്ലോറിയ ലെനോഫ്, കിംകീഡുക്)

b. കാരൂരിനെപ്പോലെ അധ്യാപകഥകളെഴുതി പ്രശസ്തിയാർജ്ജിച്ച മറ്റൊരു കഥാകൃത്ത്?
(എം.മുകുന്ദൻ, കോവിലൻ, അക്ബർ കക്കട്ടിൽ, സാറാ ജോസഫ്)

c. മലയാളത്തിലെ ഘോഷി ഏത്
(ഘ, ഹ, ഛ, ഥ)

d. താഴെ പറയുന്നവയിൽ അനുനാസികം ഏത്? (4)
(ച, ങ, ഗ, എ)

3. **ചേരുംപടി ചേർക്കുക**

| | |
|---|---|
| എ. ഏ. ആർ. രാജരാജവർമ്മ | ഭാഷാലോകം |
| ബി. ടി. ബി. വേണുഗോപാലപ്പണിക്കർ | |
| സി. സാവിത്രിരാജീവൻ | പറുദീസാ നഷ്ടം |
| ഡി. സുഭാഷ്ചന്ദ്രൻ | സാഹിത്യസാഹ്യം |
| | ചരിവ് |

(1 x 4 =4)

4. **പൂരിപ്പിക്കുക**

a. ജ്ഞാനപീഠപുരസ്കാരത്തിനർഹമായ തകഴിയുടെ കൃതിയാണ് ............................

b. ............................. ആണ് ഒഡിസിയസ് എന്ന കഥാപാത്രത്തിന്റെ സ്രഷ്ടാവ്.

c. ഒരു വ്യക്തിയുടെ ജീവിതകഥ മറ്റൊരാൾ എഴുതുന്നതാണ് .......................... (1 x 3 =3)

5. പ്രസ്താവന ശരിയോ തെറ്റോ

a. കൃഷിയുമായി ബന്ധപ്പെട്ട അനുഷ്ഠാനഗാനമാണ് മാർഗ്ഗം കളിപ്പാട്ട്

b. കഥകളിയിലെ പ്രതിനായക വേഷത്തിനു പറയുന്ന പേരാണ് പച്ച. (1 x 2 =2)

**രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരം എഴുതുക. (3 സ്കോർ വീതം)**

6 അസ്ഥാനത്തെ വാക്കാണ് അശ്ലീലം
അസ്ഥാനത്തെ ചെളിയാണ് അഴുക്ക് - സുരാസുവിന്റെ ഈ നിരീക്ഷണം ഭാഷയിൽ എത്രമാത്രം പ്രസക്തമാണ്

7. "ഇന്നു രാത്രി നിന്റെ പുതിയ വീട് ഒരു കൊച്ചു അമേരിക്കയാകട്ടെ" - അമേരിക്കയെ സ്വപ്നം കാണുന്ന മലയാളിയെ സുഭാഷ്ചന്ദ്രൻ ധ്വന്യാത്മകമായി കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

8. പ്രവാചകന്മാരെ ഇടശ്ശേരി ഇടയന്മാർ എന്നു വിശേഷിപ്പിച്ചതെന്തുകൊണ്ടാണ്?

9. കലാകാരന് ഭാവനയേയുള്ളു, കൈപ്പണിക്കാരന് യാഥാർഥ്യവും - മേസ്തിരി എന്ന കവിതയിൽ ഈ ആശയം എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു?

10. ഫോട്ടോ എന്ന കഥയുടെ പ്രമേയത്തെക്കുറിച്ച് കെ. പി. അപ്പന്റെ നിരീക്ഷണം എന്താണ്? (15)

**നാലോ അഞ്ചോ വാകൃത്തിൽ ഉത്തരമെഴുതുക?**

11. വല്ലാത്ത ഓർമ്മകൾ എന്നും പ്രശ്നമാണ് എന്ന് ഡോ. കെ. രാജശേഖരൻ നായർ പറയുന്നതെന്തുകൊണ്ട്?

12. "പ്രസവവേദന അനുഭവിക്കുന്ന വിത്തുകൾ മണ്ണിന്റെ അടിയിൽ കിടന്ന് തേങ്ങുമ്പോൾ നിന്റെ കരച്ചിലും ആ കരച്ചിലിനോടൊപ്പം ഉയരും" (പക്ഷിയുടെ മണം - മാധവിക്കുട്ടി)
"മഴകൊണ്ട് മാത്രം മുളയ്ക്കുന്ന വിത്തുകൾ
ചിലതുണ്ട് മണ്ണിൻ മനസ്സിൽ" (സിനിമാഗാനം - റഫീഖ് അഹമ്മദ്)
ഈ നിരീക്ഷണങ്ങൾ സമാനമാണോ വിലയിരുത്തുക? (4 x 2 = 8)

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. "വാഹനങ്ങളുടെ ശബ്ദകോലാഹലം കൊണ്ട് ഇപ്പോൾ ഉറങ്ങാൻ കഴിയുന്നില്ല"- എന്നു പറയുന്ന തകഴി കുട്ടനാടിനുണ്ടായ മാറ്റങ്ങളെ എങ്ങനെ നോക്കിക്കാണുന്നു?

14. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'മുഖമെവിടെ' എന്ന കവിതയിലെ നാടകീയതയെ കെ. പി. ശങ്കരൻ വിലയിരുത്തുന്നതെങ്ങനെ?

15. 'കാവ്യരചനയുടെ പാരാവാരങ്ങൾ കടന്ന് വളർന്നു നിൽക്കുന്നവനാണ് സി.എൻ.ശ്രീകണ്ഠൻ നായരുടെ നാടകത്തിലെ രാവണൻ'. മലയാളിയുടെ പ്രതിനായക പ്രേമത്തെ ഈ പ്രസ്താവന പ്രതിഫലിപ്പിക്കുന്നുണ്ടോ? പരിശോധിക്കുക.
പ്രസ്താവന പ്രതിഫലിപ്പിക്കുന്നുണ്ടോ?

16. മലയാളഭാഷയെ അക്ഷരോച്ചാരകഭാഷ എന്ന് പറയാൻ കാരണമെന്താണ്? മലയാളം എഴുത്തിന് അക്ഷരമാലയാണ് ഉപയോഗിക്കുന്നത് എന്ന് പറയുന്നതിന്റെ യുക്തി എന്ത്?

(5 x 4 = 20)

**(ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക)**

17. ഇടശ്ശേരിയിൽ നിന്നും എസ്.ജോസഫിലേയ്ക്കെത്തുമ്പോൾ കവിതയിൽ വന്നമാറ്റങ്ങൾ ബിംബിസാരന്റെ ഇടയൻ, മേസ്തിരി എന്നീ കവിതകളെ മുൻനിർത്തി വിവരിക്കുക?

അല്ലെങ്കിൽ

വ്യത്യസ്ത ആസ്വാദനതലങ്ങളാണ് ഓരോ കവിതയും. ആവശ്യപ്പെടുന്നത് പാവം മാനവഹൃദയം, കോഴിപ്പങ്ക്, അമ്മയെ കുളിപ്പിക്കുമ്പോൾ, എന്നീ കവിതകളെ മുൻനിർത്തി, ഈ അഭിപ്രായം വിലയിരുത്തുക? (7)

18. വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതി വരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം? വിശദമാക്കുക.

അല്ലെങ്കിൽ

ഭാഷ, ഭാഷാഭേദം ഇവ എന്തെന്ന് വിശദീകരിക്കുക. (7)

19. നെയ്പ്പായസം, പക്ഷിയുടെ മണം എന്നീ കഥകളെ ധ്വന്യാത്മകമാക്കുന്നത് അവയിലെ മരണഗന്ധമുള്ള ബിംബങ്ങളാണ്. അപഗ്രഥിക്കുക.

അല്ലെങ്കിൽ

മലയാള ചെറുകഥാസാഹിത്യത്തിനുണ്ടായ പരിണാമത്തിലെ സുപ്രധാന ഘടകങ്ങളെ 'കഥാമുദ്രകളി'ലെ കഥകൾ അടയാളപ്പെടുത്തുന്നുണ്ടോ. പരിശോധിക്കുക? (8)

## Answer Key

| Qn. No. | Sub Qns | Value points | Score | Total |
|---|---|---|---|---|
| 1 | | ഒറ്റവാക്കിൽ ഉത്തരമെഴുതുക<br>a. പി.കുഞ്ഞിരാമൻ നായർ<br>b. ഭാവഗീതം | 1<br>1 | 2 |
| 2 | | ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക<br>a. കിംപീക്<br>b. അക്ബർ കക്കട്ടിൽ<br>c. ഹ<br>d. ങ | 1<br>1<br>1<br>1 | 4 |
| 3 | | എ വിഭാഗത്തിന് അനുയോജ്യമായത് ബി. വിഭാഗത്തിൽ നിന്ന് തെരഞ്ഞെടുത്ത് എഴുതുക<br>a. സാഹിത്യസാഹ്യം<br>b. ഭാഷാലോകം<br>c. ചരിവ്<br>d. പറുദീസാനഷ്ടം | 1<br>1<br>1<br>1 | 4 |
| 4 | | വിട്ടുപോയ ഭാഗം പൂരിപ്പിക്കുക<br>a. കയർ<br>b. ഹോമർ<br>c. ജീവചരിത്രം | 1<br>1<br>1 | 3 |
| 5 | | പ്രസ്താവന ശരിയോ തെറ്റോ എന്ന് കണ്ടെത്തുന്നു<br>a. തെറ്റ്<br>b. ശരി | 1<br>1 | 2 |
| 6 | | രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക<br>ആശയഗ്രഹണം<br>വിശകലനം | 1<br>2 | 3 |
| 7 | | പുതിയ രചനാപ്രവണതകൾ കുട്ടി തിരിച്ചറിയുന്നു<br>സ്വന്തം നിരീക്ഷണങ്ങൾ | 1<br>2 | 3 |
| 8 | | കാരണം കണ്ടെത്തുന്നു<br>യുക്തിസഹമായി സമർഥിക്കുന്നു | 1<br>2 | 3 |
| 9 | | താരതമ്യം ചെയ്യുന്നു<br>നിരീക്ഷണങ്ങളിലെ തനിമ | 1<br>2 | 3 |
| 10 | | പ്രമേയം കണ്ടെത്തുന്നു<br>വിശദീകരിക്കുന്നു | 1<br>2 | 3 |
| 11 | | നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുന്നു<br>ആശയഗ്രഹണം<br>ഭാഷാപരമായി ആവിഷ്ക്കരിക്കുന്നതിന് | 2<br>2 | 4 |

| Qn. | Sub | Value points | Score | Total |
|---|---|---|---|---|
| 12 | | സമാനതകൾ കണ്ടെത്തുന്നു.<br>അനുയോജ്യമായ വിശദീകരണം | 2<br>2 | 4 |
| 13 | | അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുന്നു.<br>യുക്തിപൂർവ്വം താരതമ്യവും അപഗ്രഥനവും നടത്തുന്നു<br>സ്വാഭിപ്രായം സമർത്ഥിക്കുന്നു | <br>2<br>3 | 5 |
| 14 | | അർത്ഥസാധ്യതകൾ തിരിച്ചറിയുന്നു<br>വിശകലനം ചെയ്യുന്നു | 2<br>3 | 5 |
| 15 | | പ്രസ്താവന അപഗ്രഥിക്കുന്നു<br>യുക്തിപൂർവ്വം സമർത്ഥിക്കുന്നു | 2<br>3 | 5 |
| 16 | | അക്ഷരോച്ചാരകഭാഷ - നിർവചിക്കുന്നു<br>വാദഗതികൾ നിരത്തുന്നു.<br>യുക്തിസഹമായി സമർത്ഥിക്കുന്നു | 1<br>2<br>2 | 5 |
| 17 | | ഒന്നരപ്പുറത്തിൽ ഉപന്യസിക്കുന്നു<br>ഉപന്യാസഘടന<br>കേന്ദ്രാശയംകണ്ടെത്തൽ<br>ഉചിതമായ ആവിഷ്കാരം<br>വസ്തുതകളുടെ വിശകലനം | <br>2<br>3<br>1<br>1 | 7 |
| | | അല്ലെങ്കിൽ | | |
| | | ഉപന്യാസഘടന<br>കേന്ദ്രാശയം കണ്ടെത്തൽ<br>വസ്തുതകളുടെ വിശകലനം<br>ഉചിതമായ ആവിഷ്കാരം | 2<br>3<br>1<br>1 | 7 |
| 18 | | വിവരങ്ങൾ വിശകലനം ചെയ്യുന്നു<br>വസ്തുതകൾ നിരത്തുന്നു<br>ക്രമീകൃതമായി അവതരിപ്പിക്കുന്നു | 2<br>3<br>2 | 7 |
| | | അല്ലെങ്കിൽ | | |
| | | വിവരങ്ങൾ വിശകലനം ചെയ്യുന്നു<br>വസ്തുതകൾ നിരത്തുന്നു<br>ക്രമീകൃതമായി അവതരിപ്പിക്കുന്നു | 4<br>2<br>2 | 8 |
| 19 | | കഥാബിംബങ്ങൾ മനസ്സിലാക്കുന്നു<br>അപഗ്രഥിച്ച് വിശകലനം ചെയ്യുന്നു<br>തനിമയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു | 3<br>2<br>3 | 8 |
| | | അല്ലെങ്കിൽ | | |
| | | ചെറുകഥാസഹിത്യത്തിലെ മാറ്റങ്ങൾ തിരിച്ചറിയുന്നു<br>അപഗ്രഥിച്ച് വിശകലനം ചെയ്യുന്നു<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. | 3<br>2<br>3 | 8 |